# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 22..05..2017 -ൽ |
| ചോദ്യം നം: 5043 | മറുപടിയ്ക്ക് |

## ഐ.എച്ച്.ആർ.ഡി. യിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വേതനം

| *ചോദ്യം*<br>ശ്രീ. കെ.എസ്.ശബരീനാഥൻ | *ഉത്തരം*<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹൈക്കോടതി ഉത്തരവ് പ്രകാരം ഐ.എച്ച്.ആർ.ഡി.യിൽ അഡ്ഹോക്ക് വ്യവസ്ഥ പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്യൂൺ, സെക്യൂരിറ്റി, സ്വീപ്പർ എന്നീ വിഭാഗങ്ങളിൽ ജോലിനോക്കുന്ന 88 കോൺട്രാക്ട് ജീവനക്കാർക്ക് പ്രതിമാസം 9000/- രൂപ മാത്രമാണ് നൽകുന്നതെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 01-06-2017 മുതൽ പ്രസ്തുത ജീവനക്കാർക്ക് പ്രതിമാസം 10,800/- രൂപ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതേ ജോലിചെയ്യുന്ന വിമുക്ത ഭടൻമാർക്കും ദിവസ വേതന ക്കാർക്കും എത്ര രൂപ വീതമാണ് പ്രതിമാസം / പ്രതിദിനം വേതനം നൽകുന്നത്; | (ബി) വിമുക്ത ഭടൻമാർക്ക് പ്രതിദിനം 400/- രൂപയും ദിവസ വേതന ക്കാർക്ക് പ്രതിദിനം 350/- രൂപയും വേതനമായി നൽകുന്നുണ്ട്. |

(സി) ഈ ശമ്പളങ്ങളിലെ വേർതിരിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുമോ ;

(ഡി) ധനകാര്യ വകുപ്പിന്റെ ജി.ഒ (പി) 28/16/ധന. തീയതി 26.02.2016 പ്രകാരം സംസ്ഥാനത്തെ കോൺട്രാക്ട് അഥവാ ദിവസ വേതന ജീവനക്കാരുടെ മിനിമം ശമ്പളം എത്രയാണ്; ഈ ശമ്പളം ഐ.എച്ച്.ആർ.ഡി. യിലെ മേൽവിഭാഗം ജീവനക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) യും (ഡി) യും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി) 28/16/ധന തിയതി 26-02-2016 പ്രകാരം കോൺട്രാക്റ്റ്/ദിവസ വേതന വ്യവസ്ഥയിൽ ജോലി നോക്കുന്നവരുടെ വേതനം ചുവടെ പറയുന്ന പ്രകാരമാണ്.

ഓഫീസ് അറ്റൻഡന്റ്, ഹെൽപ്പർ എന്നീ തസ്തികകളിൽ ദിവസ വേതന ജീവനക്കാർക്ക് 600/- രൂപാവീതം പരമാവധി പ്രതിമാസം 16,200/- രൂപയായി നിജപ്പെടുത്തി നൽകി വരുന്നു. കോൺട്രാക്ട് അടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന പ്രസ്തുത ജീവനക്കാർക്ക് പരമാവധി പ്രതിമാസം 16,500/- രൂപ നൽകിവരുന്നു.

സെക്യൂരിറ്റി ജീവനക്കാർക്ക് ദിവസ വേതനമായി 675/- രൂപാവീതം പരമാവധി പ്രതിമാസം 18,900/- രൂപയായി നിജപ്പെടുത്തി നൽകി വരുന്നു. കോൺട്രാക്ട് അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്ക് പരമാവധി പ്രതിമാസം 19,000/- രൂപ നൽകിവരുന്നു.

ഐ.എച്ച്.ആർ.ഡി.യിൽ പത്താം ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ 26-02-2016-ലെ ഉത്തരവിലെ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ബാധകമാക്കിയിട്ടില്ല. ഐ.എച്ച്.ആർ.ഡി.യിൽ പത്താം ശമ്പള കമ്മിഷൻ ആനുകൂല്യങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

*സെക്ഷൻ ഓഫീസർ*